# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1944 13.06.2019 ലെ മറുപടിക്ക്.

**വിമാനയാത്രാനിരക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സീസൺ സമയങ്ങളിൽ ഗൾഫ് രാജ്യങ്ങളിൽനിന്ന് കേരളത്തിലേയ്ക്കും തിരിച്ചുമുള്ള വിമാനയാത്രാനിരക്ക് പ്രത്യേകിച്ച് എയർ ഇന്ത്യയുടെ യാത്രാനിരക്ക് അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നത് മൂലം പ്രവാസികളായ വിമാനയാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം അമിതചൂഷണം തടഞ്ഞ് യാത്രാനിരക്ക് നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | അവധിക്കാലങ്ങളിലും മറ്റ് വിശേഷ ദിവസങ്ങളിലും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്നു എന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937 ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര |

വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാനകമ്പനികളും യാത്ര-ക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാനിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്.

എന്നിരുന്നാലും സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST 5 ശതമാനമായി കുറച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ യാത്രാ ക്ലേശം പരിഹരിക്കുന്നതിലേയ്ക്കായി അധിക ആഭ്യന്തര/അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ